## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. * 353 | 25.06.2018 -ൽ മറുപടിക്ക്

### കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ<br>,, എ.പി. അനിൽ കുമാർ<br>,, അനിൽ അക്കര<br>,, ഹൈബി ഈഡൻ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ അന്വേഷകർക്കായി ആരംഭിച്ച കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ ഉദ്യോഗാർഥികൾക്കായി കരിയർ കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോട്ടിവേഷൻ പ്രോഗ്രാമുകൾ, സ്വയം തൊഴിൽ സെമിനാറുകൾ, വിവിധ യൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിക്കുന്നതിനായുള്ള ക്ലാസുകൾ, വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന ക്ലാസുകൾ, നൈപുണ്യ വികസന പരിപാടികൾ, സംരംഭക താല്പര്യമുള്ള ഉദ്യോഗാർഥികൾക്കായുള്ള പ്രത്യേക പരിപാടികൾ തുടങ്ങിയവ നടത്തിയിട്ടുണ്ട്. വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്ത തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികൾ മികച്ച വിജയം കൈവരിച്ചിട്ടുണ്ട്. |
| (ബി) തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികൾക്ക് ഇത്തരം സെന്ററുകളിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണ്; എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ജോബ് ഫെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഉദ്യോഗാർത്ഥികൾക്ക് ഇതിലൂടെ ലഭിക്കുന്നുണ്ടോ ; | (ബി) ഇത്തരം സെന്ററുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ ബയോഡേറ്റ സോഫ്റ്റ് വെയറിൽ സൂക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൗൺസിലറുടെ സഹായത്തോടെ ഓരോരുത്തർക്കും അനുയോജ്യമായ കോഴ്സുകൾ, തൊഴിൽ മേഖലകൾ, പരിശീലന സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ കൃത്യമായി നൽകി വരികയും ചെയ്യുന്നു. കോഴ് സുകൾ പൂർത്തീകരിച്ചശേഷം തൊഴിൽ ലഭിക്കാതിരിക്കുന്നുവെങ്കിൽ ആവശ്യമായ പരിശീലനവും പ്രചോദനവും സെന്ററിൽ നിന്ന് നൽകി |

വരുന്നു. റെസ്യൂമെ പ്രിപ്പറേഷൻ, പ്രീ-ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനങ്ങൾ, കരിയർ കൗൺസിലിംഗ്, മോട്ടിവേഷൻ പ്രോഗ്രാമുകൾ, സംരംഭകത്വ പരിപാടികൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലന പരിപാടികൾ തുടങ്ങി ഉദ്യോഗാർത്ഥികളുടെ പ്രൊഫഷണൽ മികവ് ഉയർത്താനാവശ്യമായ എല്ലാ സേവനങ്ങളും കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ നിന്നും ലഭിക്കുന്നതാണ്.

എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ജോബ് ഫെസ്റ്റിൽ ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കുവാൻ അവസരമുണ്ട്.

(സി) സമർത്ഥരായ ഉദ്യോഗാർത്ഥികൾക്ക് ഈ സെന്ററിൽ സിവിൽ സർവ്വീസ് പരീക്ഷാപരിശീലനത്തിന് അവസരം ഒരുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ;

(സി) സമർത്ഥരായ ഉദ്യോഗാർത്ഥികൾക്ക് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന സിവിൽ സർവീസ് പരീക്ഷാ പരിശീലനം നടത്തുന്നത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആലോചിക്കുന്നതാണ്.

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇത്തരം സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വെളിപ്പെടുത്താമോ?

(ഡി) വരും വർഷങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരെണ്ണം വീതം ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ